| | | | | | |
|---|---|---|---|---|---|
| **Publication** | : | Mathrubhumi | | | |
| **Edition** | : | Kochi | **Clip Size** | : | 418 sq cm |
| **Date** | : | 01st Sep 2014 | **Ad Rate** | : | 805 /sq cm |
| **Page No.** | : | 04 | **Value** | : | 336490 |

Integral PR

*(Information Resource Centre)*







# വോൾവോ എക്സ്സി 90

## മാർച്ചോടെ ഇന്ത്യയിലെത്തും

എസ്യുവിശ്രേണിയിലെ വോൾവോയുടെ പുതിയ വാഹനം എക്സ്സി 90. 2015 മാർച്ചിൽ ഇന്ത്യൻ വിപണിയിൽ എത്തും. ഇക്കാര്യം വോൾവോ ഇന്ത്യ ഔദ്യോഗികമായി സ്ഥിരീകരിച്ചു. ആദ്യ ഘട്ടത്തിൽ 200 വാഹനങ്ങളായിരിക്കും ഇന്ത്യയിൽ എത്തിക്കുക. സുന്ദരമായ ഡിസൈനും മികച്ച ഫിനിഷിങ്ങും ഉയർന്ന സുരക്ഷയുമാണ് ഏഴ് സീറ്റുള്ള എക്സ്സി 90 നെ ആകർഷകമാക്കുന്നത്.

ക്രിസ്റ്റൽ ഗ്ലാസ് ഗിയറും കൺട്രോളുകളുടെ ഡയമണ്ട് ഫിനിഷിങ്ങുമെല്ലാം പുതിയ എക്സ്സിക്ക് രാജകീയ പ്രൗഢി നൽകുന്നു. ഉന്നത നിലവാരമുള്ള ഓഡിയോ, എയർ കണ്ടീഷനിങ് സംവിധാനം, ടാബ്ലറ്റിന് സമാനമായ ടച്ച് സ്ക്രീൻ, മികച്ച ഇൻകാർ കൺട്രോൾ, കൂടുതൽ ക്യാബിൻ സ്പേസ് തുടങ്ങി ഒട്ടേറെ സവിശേഷതകളാണ് വോൾവോ പുതിയ മോഡലിൽ സന്നിവേശിപ്പിച്ചിരിക്കുന്നത്.

ലോകത്തിലെ ഏറ്റവും മികച്ച സുരക്ഷാ ക്രമീകരണങ്ങളാണ് കമ്പനി ഈ വാഹനത്തിൽ അവകാശപ്പെടുന്നത്. ഈ വാഹനത്തിൽ സഞ്ചരിക്കുന്ന ആരും അപകടത്തിൽ മരിക്കുകയോ ഗുരുതരമായി പരിക്കേൽക്കുകയോ ചെയ്യാത്ത രീതിയിലാണ് ഇതിന്റെ സുരക്ഷാ സജ്ജീകരണങ്ങൾ ഒരുക്കിയിരിക്കുന്നതെന്ന് വോൾവോ കാർസ് ഗ്രൂപ്പ് വൈസ് പ്രസിഡന്റ് ആർ ആൻഡ് ഡി ഡോ. പീറ്റർ മെർടൻസ് പറയുന്നു. അപകടം സംഭവിക്കുമ്പോൾ സീറ്റ് ബെൽറ്റുകൾ തനിയെ മുറുകുന്ന രീതിയിലാണ് ക്രമീകരണം.

ലോകത്താദ്യമായി ഓട്ടോമാറ്റിക് ബ്രേക്കിങ് സംവിധാനം ഏർപ്പെടുത്തിയിരിക്കുന്ന വാഹനമാകും ഇത്. എതിരെ വരുന്ന വാഹനം ഇടിക്കുമെന്ന് തോന്നിയാൽ വാഹനം തനിയെ ബ്രേക്ക് ചെയ്യും. റോഡുകളിലൂടെ കുതിച്ചു പായുമ്പോൾ സഞ്ചാരപാതയിൽ നിന്ന് പെട്ടെന്നുള്ള തിരിയലുകൾ തടയാൻ 'റൺഓഫ് റോഡ് പ്രൊട്ടക്ഷൻ' സാങ്കേതിക വിദ്യയും ഇതിലുണ്ട്.

വോൾവോയുടെ ഏറ്റവും പുതിയ 2.0ലിറ്റർ, ഫോർ സിലിണ്ടർ, 225 ബിഎച്ച്പി എൻജിനാണ് എക്സ്സി 90 ന്റെ ഹൃദയം. എക്സ്സി 90 ഡീസൽ വാഹനങ്ങൾ മാത്രമേ ഇന്ത്യയിൽ എത്തിക്കൂ എന്ന് വോൾവോ ഓട്ടോ ഇന്ത്യ മാനേജിങ് ഡയറക്ടർ തോമസ് ഏൺബർഗ് വ്യക്തമാക്കി. 8 സ്പീഡ് ഗിയർ ബോക്സുള്ള എക്സ്സി 90 ഓൾവീൽ ഡ്രൈവ് സിസ്റ്റമാണ് ഇന്ത്യൻ പതിപ്പിലുണ്ടാകുക. ആഗോള വിപണിയിൽ ഈ വാഹനം കമ്പനി അവതരിപ്പിച്ചുകഴിഞ്ഞു. 65-70 ലക്ഷമാകും വില.

1100 കോടി ഡോളർ ചെലവിട്ട് മൂന്നു വർഷം കൊണ്ടാണ് ഈ വാഹനം രൂപകൽപ്പന ചെയ്തിരിക്കുന്നത്. വോൾവോയുടെ വരാനിരിക്കുന്ന കാറുകളുടെ ആദ്യ മാതൃക എന്ന നിലയിലാണ് പുതിയ വാഹനത്തെ കാണുന്നത്.